

മണ്ഡൽവിരുദ്ധ സമരം

# മതരാഷ്ട്രീയ ഇടപെടലുകളും പി.ബി വെളിപാടുകളും

കവർസ്റ്റോറി ● **ശിഹാബ് പൂക്കോട്ടൂർ**

**ന്യൂനപക്ഷ** വർഗീയവൽക്കരണവും മതരാഷ്ട്രീയ ഇടപെടലുകളും ചെറുത്തുതോൽപിക്കാനും ഇതിനെതിരെ ബോധവത്കരണ പരിപാടികൾ നടത്താനും സി.പി.ഐ(എം) പോളിറ്റ് ബ്യൂറോ അനുവാദം നൽകിയിരിക്കുകയാണല്ലോ. രണ്ട് രാഷ്ട്രീയ സംഘർഷങ്ങൾക്കിടയിലാണ് ഈ തീരുമാനം മാർക്സിസ്റ്റ് പാർട്ടി കൈക്കൊണ്ടിട്ടുള്ളത്. പശ്ചിമബംഗാളിൽ 26 ശതമാനം വരുന്ന മുസ്‌ലിംകൾ പാർട്ടിയെ കൈവെടിഞ്ഞതിന്റെ ഫലമായി വൻ തകർച്ച നേരിട്ടിരിക്കുന്നു. മതവിഭാഗങ്ങളെ ഉൾക്കൊള്ളാൻ വേണ്ടി പാർട്ടി ഔദ്യോഗിക തിരുത്തൽ രേഖ തയാറാക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽനിന്നുള്ള പോളിറ്റ് ബ്യൂറോ അംഗങ്ങളാണ് മതരാഷ്ട്രീയ ഇടപെടലിനെതിരെ ശക്തമായി രംഗത്ത് വന്നിട്ടുള്ളത്. കിനാലൂരിലെ വ്യവസായത്തിന്റെ പേരിൽ അടിച്ചേൽപിക്കുന്ന ജനവിരുദ്ധ നയങ്ങൾ തുറന്നെതിർത്തതോടെയാണ് പ്രായോഗിക പുരോഗമന രാഷ്ട്രീയത്തിൽ മതേതര വ്യവഹാരങ്ങൾ ബീഭത്സമായി നിറഞ്ഞാടിയത്. വികസന വിരുദ്ധർ, വർഗീയവാദികൾ, ഫണ്ടിംഗ് ഏജൻസികൾ എന്നിങ്ങനെ ഇസ്‌ലാമിനെക്കുറിച്ച് നേരത്തെയുള്ള നിർമിതികൾ കവലകൾ തോറും പ്രഭാ

ഷണ വിഷയങ്ങളായി. നേരത്തെ മേമ്പൊടിക്ക് വേണ്ടി ഭൂരിപക്ഷ വർഗീയത എന്നുകൂടി ഇവർ ചേർത്തു പറയാറുണ്ടായിരുന്നു. പക്ഷേ, ഇത്തവണ അടവുനയങ്ങളെല്ലാം കാറ്റിൽപറത്തി ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ സൂനാമി വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പിലാണ് ഇവർ ബദ്ധശ്രദ്ധരായത്. 'മതം' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് വളരെ മോശം എന്ന നിർമിതിയാണ്. 'മത'മെന്ന പദത്തിലൂടെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയുമാണ് പൊതുവ്യവഹാരങ്ങൾ (ഇടത് പുരോഗമന ചിന്ത) വിവക്ഷിക്കുന്നത്.

2003-ലാണ് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് കേരളത്തിൽ നിലവിൽ വരുന്നത്. കേരളത്തിലെ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ ജനപക്ഷ രാഷ്ട്രീയമെന്ന പ്രഖ്യാപനത്തിലൂന്നിയാണ് ആ സംഘടന ഇടപെട്ടു തുടങ്ങിയത്. ഇതിനുശേഷമുള്ള കേരളത്തിലെ രാഷ്ട്രീയത്തെക്കുറിച്ച് ചില സാംസ്കാരിക മുനിയാണ്ടികളുടെ ആശങ്കകൾ 'മതം പൊതുമണ്ഡലത്തിൽ ഇടപെടുന്നു' എന്നതായിരുന്നു. ഇവിടെ മതം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഏതാണെന്ന് വ്യക്തമാണ്. ഇപ്പോൾ പിണറായി വിജയനും തോമസ് ഐസകും വി.എസ് അച്യുതാനന്ദനും കോടിയേരി ബാലകൃഷ്ണനും മതത്തിന്റെ പൊതുവായ രംഗപ്രവേശത്തെ വർഗീയവാദമായി ചിത്രീകരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇടപെടാൻ തുടങ്ങിയതോടെയാണ് ഈയാരോപണങ്ങൾ ശക്തിപ്പെട്ടു തുടങ്ങിയത്. ആധുനികതയുടെ അപരത്വമായി നിലനിൽക്കുന്ന ഇസ്‌ലാമിനെയാണ് വർഗീയവാദം എന്നതിലൂടെ പരിചയപ്പെടുത്തുന്നത്.

ഹമാസ് ഫലസ്ത്വീനിൽ അധികാരത്തിലേറിയതും ലബനാനിലെ ഹിസ്ബുല്ലയുടെ വിജയവും തുർക്കിയിലെ ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ മുന്നേറ്റവും പാശ്ചാത്യ ലിബറൽ ചിന്താ പദ്ധതികൾ വിലയിരുത്തിയത് പോലെയാണ് ഇന്ത്യയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ സാമൂഹിക ഇടപെടലുകളെ ഉദാര സവർണ മതേതര കാഴ്ചപ്പാടുകളും വിശകലനം ചെയ്യുന്നത്. 'കഴിഞ്ഞ രണ്ടു മൂന്ന് ദശകങ്ങൾ മതരാഷ്ട്രീയത്തിന്റെയും ജാതിരാഷ്ട്രീയത്തിന്റെയും വസന്തകാലമാണ്' (കെ.എൻ പണിക്കർ, മാർക്സിസ്റ്റ് സംവാദം ലക്കം 36, പേജ് 21) എന്ന വാദവും ആഗോളവ്യാപകമായ ഇസ്‌ലാമിന്റെ മുന്നേറ്റത്തെ കൂടി മുൻനിർത്തിയാണ് ഇപ്പോൾ ഇസ്‌ലാമിക രാഷ്ട്രീയത്തിനെതിരെ ഇടതു വിമർശനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്.


### ന്യൂനപക്ഷ വർഗീയവത്കരണം

ഒരു രാഷ്ട്രത്തിന്റെ രൂപവത്കരണത്തിനു പിന്നിലുള്ള 'ജനകീയാംഗീകാര'മാണ് രാഷ്ട്രത്തെ ഒരാധുനിക പ്രതിഭാസമാക്കിതീർക്കുന്നത്. ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും ഗതാഗത സൗകര്യങ്ങളും അച്ചടിശാലയും റോഡുകളും റെയിൽവെയും മറ്റുമാണ് ജനങ്ങൾക്കിടയിൽ യഥാർഥ ദേശീയബോധം സൃഷ്ടിക്കുന്നതിന് നിമിത്തമായത്. ആധുനികതയും അതിന്റെ അനുബന്ധങ്ങളും നിർമിച്ചെടുത്തതും സുരക്ഷിതമാക്കിയതും വരേണ്യരുടെ അധികാരവും രാഷ്ട്രീയവുമായിരുന്നു. രാഷ്ട്രീയ ആധുനികതയുടെ പടിവാതിൽക്കൽ എത്തിയിരുന്ന യൂറോപ്പ് ദേശീയതയെ പരിഗണിച്ചത് സംസ്കാരത്തിന്റെയും വംശത്തിന്റെയും സംജ്ഞകളിലായിരുന്നു. ദേശീയ രാഷ്ട്രം എന്നതു സർവപ്രധാനമായി ക്രിസ്തീയമായിരുന്നു. സ്പെയിനിലെ ദേശീയതയുടെ ഏകീകരണം ജൂതന്മാരെ തള്ളിക്കൊണ്ടുള്ള 'നിഷ്കാസനപത്ര'ത്തിലൂടെയായിരുന്നു. ഒന്നുകിൽ ക്രിസ്ത്യാനികളാവുക അല്ലെങ്കിൽ നാടുവിടുക എന്നായിരുന്നു ദേശീയ സ്പെയിൻ ജൂതന്മാർക്ക് നൽകിയ അന്ത്യശാസനം. ദേശത്തിൽ ഉൾകൊള്ളുകയോ അപരങ്ങളായി നിലനിൽക്കുകയോ ചെയ്യുക എന്ന രണ്ട് അധികാര ഘടനകളിലൂടെ മാത്രമായിരുന്നു യൂറോപ്പിലെ മുഴുവൻ രാജ്യങ്ങളും ആധുനിക ദേശരാഷ്ട്രം നിർമിച്ചത്. 1499-ൽ സ്പാനിഷ് സ്റ്റേറ്റ് മുസ്‌ലിംകൾക്ക് നൽകിയതും അതേ സന്ദേശമായിരുന്നു. ന്യൂനപക്ഷങ്ങൾ/മുസ്‌ലിംകൾ പൊതുവായ വ്യവഹാരങ്ങളോട് ചേരാത്തതിനാൽ സ്വയം തന്നെ വർഗീയമാവാനാണ് അതിനു സാധിക്കുക എന്ന





എം.എൻ ഗോവിന്ദൻ നായർ



ഇ.എം.എസ്

യുക്തി ഇതിലൂടെ ചരിത്രപരമായി അവർ സ്ഥാപിച്ചെടുത്തു. 'അധമവംശങ്ങളെ ഭൂതലത്തിൽനിന്ന് ഒഴിവാക്കുക വഴി സാമ്രാജ്യവാദം നാഗരികതക്ക് ഒരു സേവനമാണ് ചെയ്തത്' എന്ന ആശയം പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യൻ ചിന്തയിൽ വ്യാപകമായി സ്ഥാനം പിടിച്ചിട്ടുണ്ട്.

പ്രകൃതി ശാസ്ത്രങ്ങൾ, ദർശനം, നരവംശപഠനം, സാഹിത്യം, സിനിമ തുടങ്ങിയ എല്ലാ രംഗങ്ങളിലും ഈ ആശയം ഒരുപോലെ പ്രകടമായിരുന്നു. യൂറോപ്യൻ ആധുനിക മതേതര ചരിത്രം രണ്ട് ഇരകളുടെ ('അധമവംശങ്ങളു'ടെ) ചരിത്രത്തെ ഒന്നിച്ചു കൊണ്ടുവരുന്നു. ആഭ്യന്തര ശത്രുക്കളും/ബാഹ്യശത്രുക്കളുമാ(ജൂതന്മാരും മുസ്‌ലിംകളും)യിട്ടാണ് ഇതിനെ വിഭജിച്ചത്. യൂറോ കേന്ദ്രിതമായ പൊതുവ്യവഹാരങ്ങളിൽ ഉൾച്ചേരാൻ സാധിക്കാത്ത ഇസ്‌ലാമിനെ, ആധുനികതയെ ചെറുക്കുന്നവരും ശത്രുക്കളുമായി നിർമിച്ചെടുത്തുവെന്ന് മഹ്മൂദ് മംദാനി (Good Muslim, Bad Muslim) നിരീക്ഷിക്കുന്നുണ്ട്. കറുത്ത വർഗക്കാരുടെയും മുസ്‌ലിംകളുടെയും ചരിത്രവും ഇതിനു സമാനമായി ഇന്ത്യയിലും അമേരിക്കയിലും രൂപപ്പെട്ടിട്ടുണ്ട്. അമേരിക്കൻ കോളനികളിൽ വംശീയതയും വംശനാശവും വ്യാപകമായിരുന്നു. കൂട്ടക്കൊല, രോഗങ്ങൾ, കുടിയൊഴിപ്പിക്കൽ എന്നിവയിലൂടെ തദ്ദേശീയ അമേരിക്കക്കാരെ ഏതാണ്ട് പൂർണമായി ഉന്മൂലനം ചെയ്തതിന് ശേഷമാണ് ദേശീയതയും ആധുനികതയും അമേരിക്കയിൽ സ്ഥാപനങ്ങളായി നിലവിൽ വരുന്നത്. ആധുനിക വിരുദ്ധ മതമൗലികവാദത്തിന് (ഇസ്‌ലാമിന്) അസാധാരണമായ നശീകരണ ശേഷിയുണ്ടെന്നും സ്വന്തം ജീവനുൾപ്പെടെ (ചാവേർ) അവർ ഹനിക്കുമെന്നും പ്രചരിപ്പിച്ചുകൊണ്ടാണ് അവർ ഭീകരവാദ തിയറി ഉണ്ടാക്കുന്നത്.

### ഇടതു പുരോഗമനവാദവും മതവും

ആധുനികതയുടെ നിർമിതികൾ ഇന്ത്യയിലേക്ക് വരുമ്പോൾ അതിന്റേതായ വകഭേദങ്ങളോടെ അപരത്വങ്ങളെ നിലനിർത്തുകയും രാഷ്ട്രീയ/അധികാര ഘടന പ്രത്യേകമായി കേന്ദ്രീകരിക്കുകയും ചെയ്യുന്നു. മതം എന്നുപറയുമ്പോൾ ചില പ്രത്യേക വിവക്ഷകളാണ് ഇവിടത്തെ അധികാര ഘടന കൽപിച്ചു നൽകിയിരിക്കുന്നത്. 'മതം മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നു'വെന്ന കെ.ഇ.എന്നിന്റെ പ്രസ്താവന ഏത് മതത്തെയാണ് സൂചിപ്പിക്കുന്നതെന്ന് നിലനിൽക്കുന്ന/നിലനിർത്തിയ പശ്ചാത്തലം വ്യക്തമാക്കിത്തരും. മതം എന്നതിലൂടെ ട്രീറ്റ് ചെയ്യുന്നത് ഇസ്‌ലാമിനെയും മതേതരം, ആധുനികം തുടങ്ങിയ പദാവലികളിലൂടെ ട്രീറ്റ് ചെയ്യുന്നത് സവർണ മൂല്യങ്ങളെയു(പുരോഗമനം)മാണ്. രാഷ്ട്രീയപരമായി മതം മോശം എന്നൊരർഥം ഇവിടെ നിർമിക്കപ്പെട്ടിട്ടുണ്ട്. മതത്തിന്റെ ആഗമനം (അധമവംശങ്ങളുടെ ഇടപെടൽ) രാഷ്ട്രീയ വിശുദ്ധിയെ തകർക്കുമെന്ന് തന്നെയാണ് ഇടതു/വലതു പുരോഗമനത്തിന്റെ ആവർത്തനങ്ങളിലൂടെ വ്യക്തമാക്കുന്നത്.

ഇടതു മതേതര ചിന്തക്ക് ബ്രാഹ്മണിസത്തെ മാറ്റിനിർത്തി നിരുപാധികമായ ചിന്തയെയോ

മതത്തെയോ കുറിച്ച് സംസാരിക്കാൻ സാധിക്കുകയില്ല. എം.എൻ റോയ് (നരേന്ദ്രനാഥ് ഭട്ടാചാര്യ), സി.പി.എമ്മിന്റെ പ്രഥമ ജനറൽ സെക്രട്ടറി തീവ്ര ഹിന്ദു ഗ്രൂപ്പിൽനിന്നാണ് മാർക്സിസ്റ്റ് പാർട്ടിയിലേക്ക് കടന്നുവരുന്നത്. വളരെ റേഷനലായ/സുഖലോലുപമായ വലതുപക്ഷത്തെ ഇന്ത്യയിലെ ആധുനികതയിൽ കേഡർവത്കരിക്കുകയാണ് അദ്ദേഹം ചെയ്തത് (കൂടുതൽ വായനക്ക് ബിശ്വാസിന്റെ *ബ്രാഹ്മണിസം മാർക്സിസം* കാണുക). മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗങ്ങളുടെയും സെക്രട്ടറിമാരുടെയും മുഖ്യമന്ത്രിമാരുടെയും ലിസ്റ്റുകൾ എടുത്താൽ, ഈ യുക്തിയിലൂടെ ആരുടെ ദേശവും ആശയവുമായിരുന്നു ഇതുവരെ സംരക്ഷിച്ചുനിർത്തിയെതെന്ന് ബോധ്യമാവും. സവർണ വിഭാഗങ്ങളിലുള്ളവർക്കും സവർണരാവാൻ ശ്രമിക്കുന്നവർക്കും മാത്രമാണ് ഇതിൽ സ്ഥാനമുള്ളത്.

ഐക്യകേരളത്തിൽ രൂപപ്പെട്ട കമ്യൂണിസ്റ്റ് മുന്നേറ്റത്തെക്കുറിച്ചുള്ള നിരീക്ഷണവും ഇവിടെ ശ്രദ്ധേയമാണ്. പാർട്ടി സെക്രട്ടറിയുടെ എൻ.എസ്.എസ്സുമായുള്ള ബന്ധം വിശദീകരിക്കുന്നതിലും ഇ.എം.എസ്സിനെ മുഖ്യമന്ത്രിയാക്കുന്നതിലും പ്രവർത്തിച്ച യുക്തിയെക്കുറിച്ച് രാമചന്ദ്രൻ നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്: "...... അതിൽ പ്രധാനമായിരുന്നു എം.എൻ (എം.എൻ ഗോവിന്ദൻ നായർ) കുടുംബത്തിന് എൻ.എസ്.എസ്സുമായുള്ള ബന്ധം. എം.എന്നിന്റെ പന്തളത്തെ മുളയ്ക്കൽ കുടുംബത്തെയും എം.എന്നിന്റെ പിതാവ് ആലപ്പുഴ സനാതന ഹൈസ്കൂളിൽ പഠിപ്പിച്ചിരുന്ന വി.ആർ നാരായണ പിള്ളയെയും ഒഴിച്ച് നിർത്തി എൻ.എസ്.എസ്സിന്റെ ചരിത്രം എഴുതുക തന്നെ സാധ്യമല്ല. ആ ചരിത്രത്തിന്റെ പിൻബലത്തിലാണ് ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ ഇന്റർമീഡിയറ്റിന് തോറ്റ എം.എൻ 1928–'29ൽ പന്തളം എൻ.എസ്.എസ് ഹൈസ്കൂളിൽ അധ്യാപകനായതും ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള കേര കർഷക സംഘവുമായി നടന്നപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറി ആയതും" *(കലഹം കവർന്ന കാലം*, 2010 ജൂൺ 21, *മാധ്യമം* ആഴ്ച്ചപ്പതിപ്പ്*)*. ഈ യോഗ്യത തന്നെയാണ് ആദ്യത്തെ പാർട്ടി സെക്രട്ടറിയായി അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നതിന് പിന്നിലും പ്രവർത്തിച്ചത്. 1957ലെ കമ്യൂണിസ്റ്റ് വിപ്ലവത്തെ വിലയിരുത്തിക്കൊണ്ട് ലേഖകൻ പറയുന്നത് ശ്രദ്ധിക്കുക: "മൂന്ന് വലിയ നായർ നേതാക്കൾ, എം.എൻ ഗോവിന്ദൻ നായർ, മന്നത്ത് പത്മനാഭൻ, പട്ടം നാണുപിള്ള എന്നിവർ സവർണരെ കോൺഗ്രസ്സിന്റെ എതിർപക്ഷത്തേക്ക് ധ്രുവീകരിച്ചു. കമ്യൂണിസ്റ്റ് പാർട്ടിയിൽ ജയിച്ച ക്രിസ്ത്യാനികൾ വെറും നാലുപേർ മാത്രം. ജയിച്ചവരിൽ 90 ശതമാനം ഹിന്ദുക്കളായിരുന്നു (ബി.ജെ.പി ഒരുകാലത്തും ഈ നാട്ടിൽ ക്ലച്ച് പിടിക്കില്ല)." കമ്യൂണിസ്റ്റ് പാർട്ടിയുള്ളിടത്ത് വർഗീയ ഫാഷസിസ്റ്റുകൾ വളരുന്നില്ല എന്ന ന്യായത്തെയാണ് ഇത് ചോദ്യം ചെയ്യുന്നത്. അതിനേക്കാൾ സുന്ദരമായി ആ അജണ്ട വളരെ 'അച്ചടക്കത്തോടുകൂടി' സി.പി.എം നടപ്പാക്കുന്നുണ്ട്. "സംവരണ മണ്ഡലങ്ങളിൽ വെറും 25 ശതമാനത്തിൽ മാത്രമേ കമ്യൂണിസ്റ്റ് പാർട്ടിക്ക് നിയമസഭാഗംങ്ങൾ ഉണ്ടാ


ഇ.എം.എസ് 1957–ൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു



ഹർകിഷൻ സിംഗ് സുർജിത്



ഇബ്‌റാഹീം സുലൈമാൻ സേട്ട്

യുള്ളു. അടിസ്ഥാന തൊഴിലാളി വർഗം 1957–ൽ കമ്യൂണിസ്റ്റ് പാർട്ടിക്കൊപ്പമായിരുന്നില്ല. 1957–ലെ കമ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിന്റെ അവശിഷ്ടം മാത്രമായിരുന്നു..... ഇ.എം.എസ്സിന്റെ വിപ്ലവത്തിൽ അടിസ്ഥാന വർഗം ഉണ്ടായിരുന്നില്ല. മുൻകാല പ്രാബല്യത്തോടെ നമുക്ക് ചോദിക്കാം– 1957ൽ അടിസ്ഥാന വർഗത്തിൽ നിന്ന് എത്രപേർ പാർട്ടി സ്ഥാനാർഥികളായിരുന്നു? നായന്മാരുടെ ശിപായി ലഹളയായിരുന്നു 1957" *(കലഹം കവർന്ന കാലം, മാധ്യമം* ആഴ്ചപതിപ്പ്, 2010 ജൂൺ 21*)*.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന അധീശ വ്യവഹാരത്തെ വ്യവസ്ഥാപിതമായി നിലനിർത്തുന്ന തിൽ ഇടതുപക്ഷ പാർട്ടികൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ബംഗാളിൽ സി.പി.എമ്മിന്റെ മുഴുവൻ മുഖ്യമന്ത്രിമാരും സെക്രട്ടറിമാരും ബ്രാഹ്മണരായിരുന്നു. കേരളത്തിൽ അധികാര പദവികളിലെത്തി യവരിൽ 90 ശതമാനവും ഇതേ വിഭാഗത്തിൽ പെട്ടവർ (ഉന്നത ജാതിക്കാർ) തന്നെയാണ്. ജാതി അയിത്തങ്ങൾ പ്രകടമായിരുന്ന കാലത്ത് ചിരട്ടയിൽ ചായകൊടുത്തിരുന്ന അധഃസ്ഥിതർക്ക് / മുസ് ലിംകൾക്ക് ഇന്നും ചില ചിരട്ട സീറ്റുകൾ മാത്രം നൽകി അയിത്തം നിലനിർത്തുകയാണ് ഇടതു പാർട്ടികൾ ചെയ്തുകൊണ്ടിരിക്കുന്നത്. കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഘർഷ ങ്ങളിൽ സംരക്ഷിച്ചു നിർത്തുന്നത് ഉന്നത ജാതിക്കാരെയും അവരുടെ മേൽക്കോയ്മയെയുമാണ്. ഒരു ഉന്നത ജാതിക്കാരനും വെട്ടേറ്റ് രക്തസാക്ഷിയാകാത്ത ഇത്തരം സംഘർഷങ്ങൾ ആർ.എസ്.എ സ്സും സി.പി.എമ്മും ഒരുപോലെ ഐക്യപ്പെടുന്നത് ഉന്നത ജാതിക്കാരുടെ സുഖസൗകര്യങ്ങൾക്ക് വേണ്ടി താഴ്ന്ന ജാതിക്കാർ സ്വയം ത്യജിക്കണമെന്ന അധീശയുക്തിയിലാണ്.

സോവിയറ്റ് റഷ്യയുടെ തകർച്ചക്കുശേഷം യൂറോപ്യൻ ഇടതു ചിന്തയും ഇടതു ചിന്തകരും വ്യത്യസ്തതകളെ ഉൾക്കൊള്ളുന്നതിനെക്കുറിച്ചാണ് വാചാലരായത്. വൈവിധ്യമാർന്ന ഭാഷ, മത, ജാതി, വർണ ഗ്രൂപ്പുകളെ അഭിമുഖീകരിക്കാനും ഉൾക്കൊള്ളാനും സാധിക്കുന്ന വിശാലമായ ഇട തുബോധത്തെക്കുറിച്ചും ഇടതുവീക്ഷണങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ദൗർബല്യത്തെ ഇതി ലൂടെ പരിഹരിക്കുന്നതിനെക്കുറിച്ചുമാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഹെബർമാസ്, ഏണസ്റ്റോ ലക്ലോവ്, ചാന്റെൽ മോഫ് തുടങ്ങിയവർ സമർപ്പിക്കുന്ന സർവരെയും ഉൾക്കൊള്ളുന്ന ഇടതുചക്ര വാളമെന്ന (Left Horizon) കാഴ്ചപ്പാട് സോവിയറ്റാനന്തര ഇടതു ചിന്തയുടെ വളർച്ചയെ കാണിക്കു ന്നതാണ്. പക്ഷേ, അവർ പോലും ഇസ്‌ലാമടക്കമുള്ള യൂറോപ്യൻ കുടിയേറ്റ മതസാന്നിധ്യങ്ങളെ ഉൾക്കൊള്ളണമെന്ന് പറയുന്നത്, രസകരമായ ഒരു യുക്തി അവതരിപ്പിച്ചാണ്. നമ്മൾ 'ഇടത്' എന്നത് വികസിപ്പിച്ചില്ലെങ്കിൽ, ഇവരെല്ലാം, 'വലതുപക്ഷ'ക്കാരായിത്തീരുമെന്നാണ് ആ യുക്തി! ഇങ്ങനെ 'ചരിത്രത്തിന്റെ ഭാരം' പരിഹാസ്യമായ രീതിയിൽ നിരന്തരം നവ ഇടതു ചിന്തകർ ഏറ്റെടുക്കുന്നു ണ്ടെന്നത്, നമ്മുടെ നാട്ടിലെ 1850 മോഡൽ മാഞ്ചസ്റ്റർ തൊഴിലാളിയെ മാത്രം കാണുന്ന സാദാ

സഖാക്കൾ കാണാത്തത് മുഖ്യമായും മേൽജാതി ഏർപ്പാടാണ് അവരുടെ 'വിപ്ലവ പ്രവർത്തനം' എന്നതിനാലാണ്.

അപ്പോഴാണ് നമ്മുടെ സവർണ സഖാക്കൾ 'ശുദ്ധ വർഗരാഷ്ട്രീയ'ത്തെക്കുറിച്ച് വിടുവായത്തം പറയുന്നത്. സാധ്യമായ ബഹുസ്വരതയെ സ്വാംശീകരിക്കുന്നതിലൂടെ ഇടതു വീക്ഷണങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗൗരവമായ വിലയിരുത്തലുകൾ ലോകത്ത് നടന്നുകൊണ്ടിരിക്കുന്നു. വർഗരാഷ്ട്രീയത്തിലൂടെ മുസ്‌ലിംകളെയും അധഃസ്ഥിത ജനവിഭാഗങ്ങളെയും അഭിമുഖീകരിക്കാൻ കഴിയില്ലെന്നും ഉന്നതജാതികളുടെ ദേശരൂപവത്കരണത്തിനാണ് ചരിത്രത്തിൽ വർഗരാഷ്ട്രീയം സഹായകമായിട്ടുള്ളതെന്നും ബോധ്യമാവുന്നുണ്ട്.

ആധുനികത ഇസ്‌ലാമിനെ അഭിമുഖീകരിക്കുന്നില്ല. ആധുനിക ദേശരാഷ്ട്രവും ലിബറൽ ചിന്താപദ്ധതിയും ഇസ്‌ലാമിനെ അപരമായി പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനു ശേഷം നടന്ന ദേശീയത രൂപവത്കരണത്തിൽ മുസ്‌ലിംകളെ മാറ്റിനിർത്തുകയും ഹിന്ദു-മുസ്‌ലിം ഐക്യം എന്നതിലൂടെ ഉന്നതജാതിക്കാരുടെ ചിഹ്നങ്ങളെ മുസ്‌ലിംകൾ ചോദ്യം ചെയ്യാതിരിക്കാൻ ശ്രമിക്കുകയുമാണ് ഗാന്ധിയടക്കമുള്ളവർ ചെയ്തതെന്ന് ജി. അലോഷ്യസ് നിരീക്ഷിക്കുന്നുണ്ട്. ഇന്ത്യയിൽ പുരോഗമന താൽപര്യവും മാർക്സിസ്റ്റ് ദർശനവും വിസ്ഥാപനം ചെയ്തത് മുസ്‌ലിംകളെയും സ്ഥാപനവത്കരിച്ചത് ഉദാര ഹിന്ദുത്വത്തെയുമാണ്.

### ഇന്ത്യയിലെ ഇടതുപക്ഷവും മുസ്‌ലിംകളും

ഇസ്‌ലാമിന് കമ്യൂണിസവുമായി ആദർശപരമായ വിയോജിപ്പുകൾ ധാരാളമുണ്ട്. എന്നാൽ ഇന്ത്യയിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അപരമായികണ്ട മോഡേണിറ്റിയുടെ തന്നെ ഭാഗമാകാനാണ് മാർക്സിസ്റ്റ് പാർട്ടിക്കും സാധിച്ചത്. അപരിഷ്കൃത ജനവിഭാഗത്തിന്റെ അപരിഷ്കൃത നിയമം എന്നാണ് ശരീഅത്ത് വിവാദകാലത്ത് 'മാർക്സിസ്റ്റ്' ഇസ്‌ലാമിനെ വിലയിരുത്തിയത്. പി.ബി കൂടി തീരുമാനിച്ചതായിരുന്നു ശരീഅത്ത് വിവാദത്തിൽ ഹിന്ദു ഭൂരിപക്ഷത്തെ കൂടെ നിർത്താൻ. അപരിഷ്കൃതമായ നിയമമെന്ന മോഡേണിറ്റിയുടെ നിർമിതി തന്നെയായിരുന്നു ഇ.എം.എസ്സും ഉപയോഗിച്ചത്. ഇ.എം.എസ്സിന്റെയും ഹിന്ദുത്വത്തിന്റെയും ഭാഷ ഇക്കാര്യത്തിൽ ഒരേ പോലെ തോന്നിച്ചു. ഒ.ബി.സിക്ക് 27 ശതമാനം സംവരണം നൽകണമെന്ന ശിപാർശയുള്ള മണ്ഡൽ കമീഷൻ റിപ്പോർട്ടിനെതിരെയും പടനയിച്ചത് ഇടതു ചിന്തകരും ബുദ്ധിജീവികളുമായിരുന്നു. ഇന്ത്യയുടെ സാമൂഹിക ഭാവന മുസ്‌ലിം-ദലിത് വിരുദ്ധമായി വികസിപ്പിച്ചതിന്റെ പിന്നിൽ മണ്ഡൽ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് വലിയ പങ്കുണ്ടായിരുന്നു. ഈ വിവാദങ്ങളിൽനിന്ന് വേണ്ടത്ര ജനപിന്തുണയാർജിച്ച് രാമജന്മഭൂമി പ്രശ്നം സജീവമാക്കാൻ സംഘ്ശക്തികൾക്ക് ആശയപരമായ പിൻബലം നൽകിയത് മാർക്സിസ്റ്റ് പുരോഗമന വൃത്തങ്ങൾ കൂടിയായിരുന്നു. ശരീഅത്ത് വിവാദ കാലത്ത് ഏകസിവിൽകോഡ് വാദം ഉയർത്തിയതും ഇടതുപക്ഷമായിരുന്നു. ഒരൊറ്റ ജനത ഒരൊറ്റ നിയമം എന്ന് ബാൽതാക്കറെ പറയുന്നതിനു മുമ്പ് ഇ.എം.എസ് നമ്പൂതിരിപ്പാട് ശരീഅത്ത് വിവാദകാലത്ത് ഇത് വാദിച്ചിട്ടുണ്ട്.

ഇന്ത്യയിൽ സംഘ്ശക്തികളുടെ നേതൃത്വത്തിൽ വർഗീയ കലാപങ്ങൾ വ്യാപകമാകാനുള്ള രണ്ട് കാരണങ്ങളായിരുന്നു ശരീഅത്ത് വിവാദവും ഏക സിവിൽകോഡ് വാദവും അതിനോടനുബന്ധിച്ച് അരങ്ങേറിയ മണ്ഡൽ വിരുദ്ധ പ്രക്ഷോഭവും. ഇന്ത്യയിലെ വർഗീയ ധ്രുവീകരണത്തിൽ ഇടത് പാർട്ടികളുടെ പങ്ക് എത്ര പുരോഗമന മുഖംമൂടിയണിഞ്ഞാലും മറക്കാൻ സാധിക്കുകയില്ല. ഇന്ത്യയിൽ ബാബരിയുടെ തകർച്ചയോടെ ശക്തിപ്പെട്ടുവന്ന ന്യൂനപക്ഷ പ്രതിരോധങ്ങളെ സ്വീകരിക്കാതിരിക്കാൻ കഴിയാത്തവിധം സി.പി.എം സമ്മർദത്തിലകപ്പെട്ടു. ബാബരിക്ക് മുമ്പ് ഇസ്‌ലാമിനെ അപരിഷ്കൃതമായും മുസ്‌ലിംകളുടെ മതനിയമങ്ങളെയും രാഷ്ട്രീയ കൂട്ടായ്മകളെയും വർഗീയവുമായും വിലയിരുത്തിയിരുന്നവർ 1992-ന് ശേഷം രാഷ്ട്രീയ അടവ് നയം പ്രഖ്യാപിച്ചു. മുസ്‌ലിം പേര് മാറ്റി വന്നാൽ നിങ്ങളെ ഞങ്ങൾ സ്വീകരിക്കാമെന്ന് സേട്ടു സാഹിബിന് സുർജിത്ത് വാക്കു കൊടുത്തു. ഐ.എൻ.എൽ രൂപീകൃതമാവുകയും രാഷ്ട്രീയമായി ഇടതുപക്ഷത്തെ 16 വർഷമായി സഹായിച്ചുകൊണ്ടിരുന്നിട്ടും 'അപരിഷ്കൃത'രെ മുന്നണിയിലെടുക്കാൻ അവർക്ക് സാധിച്ചില്ല. ഈ അടവ് നയത്തിലൂടെ രൂപപ്പെട്ടതാണ് മുസ്‌ലിം രാഷ്ട്രീയത്തെ അടുപ്പിക്കുക, അതിനുവേണ്ടി സാമ്രാജ്യത്വ വിരുദ്ധ കാർഡുകളിറക്കുക എന്നത്. യാസർ അറഫാത്തിനെ ഞമ്മന്റെ ആളാക്കുന്നതും സദ്ദാമിനെ സഖാവാക്കുന്നതും ഇസ്രയേലിന്റെ ചട്ടമ്പിത്തരത്തിൽ പ്രതിഷേധ പരിപാടി നടത്തുന്നതുമെല്ലാം ഈ അടവുനയത്തിന്റെ രാഷ്ട്രീയ പുറംപൂച്ചുകളായിരുന്നു. സാമ്രാജ്യത്വ വിരോധം രക്തത്തിൽ ലയിച്ചു

ചേർന്നതായിരുന്നുവെങ്കിൽ പശ്ചിമബംഗാളിൽ അത് പ്രകടമാകേണ്ടിയിരുന്നു. തെരഞ്ഞെടുപ്പിൽ കേരളത്തിൽ മാത്രം ഫലസ്ത്വീനും ഇറാഖും പറയുന്നവർ ഇരട്ടത്താപ്പുതന്നെയാണ് ഈ വിഷയത്തിൽ പുലർത്തിയിരുന്നത്. സാമ്രാജ്യത്വ ഉൽപന്നങ്ങൾ ഇന്ത്യയിൽ ധാരാളമായി ഉൽപാദിപ്പിക്കുന്നത് കൊൽക്കത്തയിൽ നിന്നാണ്. സോവിയറ്റ് റഷ്യ അഫ്ഗാനിസ്താനെ ആക്രമിച്ചപ്പോഴും ചൈന ടിബറ്റിനെ കീഴ്പ്പെടുത്തിയപ്പോഴും സാമ്രാജ്യത്വ വിരോധം ഇവർ പ്രകടിപ്പിച്ചിരുന്നില്ല. തൊണ്ണൂറുകളിൽ വികാസം കൊണ്ട മുസ്‌ലിം ഉണർവുകളെ ഹൈജാക്ക് ചെയ്യാനുള്ള സി.പി.എമ്മിന്റെ വെറും വാക്കുകൾ മാത്രമാണ് സാമ്രാജ്യത്വ വിരോധം. മുപ്പത് വർഷമായി ബംഗാൾ ഭരിക്കുന്ന സി.പി.എം അവിടത്തെ മുസ്‌ലിം ന്യൂനപക്ഷത്തിന് വേണ്ടി ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യാൻ മടിച്ചത് (സച്ചാർ കമ്മിറ്റി റിപ്പോർട്ട് നോക്കുക) ചേർത്തു വായിക്കുക.

വീണ്ടും സി.പി.എം ശരീഅത്ത് വിവാദം പൊടിതട്ടി പുറത്തെടുത്തിരിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ജനകീയ പിന്തുണയും രാഷ്ട്രീയ ഇടപെടലുകളും ശക്തിപ്പെട്ട് വരുന്നതിൽ അവർ അസ്വസ്ഥരാണ്. ലൗ ജിഹാദ് വിഷയത്തിലും സാമ്പത്തിക സംവരണ വിഷയത്തിലും പ്രതിരോധത്തിലാവേണ്ടിയിരുന്ന മുസ്‌ലിം സമുദായം ആശയപരമായ കടന്നാക്രമണത്തിലൂടെ അതിനെ നേരിട്ടതിനു പിന്നിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചിന്തയും മാധ്യമങ്ങളുമുണ്ട് എന്ന അസ്വസ്ഥഭരിതമായ തിരിച്ചറിവുകളാണ് പെരുന്നയിൽ പോയി പുഷ്പാർച്ചന നടത്താൻ അവരെ പ്രേരിപ്പിച്ചത്. എല്ലാ മുഖംമൂടികളും അഴിച്ചുവെച്ച് സി.പി.എം അതിന്റെ തനിനിറത്തിൽ വെളിപ്പെട്ടിരിക്കുന്നു. നെഹ്റുവിയൻ പ്രോജക്ടിന്റെ പരാജയത്തിനു ശേഷം ഉയർന്നുവന്ന മുസ്‌ലിം/അധഃസ്ഥിത ചോദ്യങ്ങളെ ശരിയായ ദിശയിൽ അഭിമുഖീകരിക്കാൻ കഴിയുന്നവർക്കാണ് രാഷ്ട്രീയമായി നിലനിൽപുണ്ടാവുകയുള്ളൂ എന്ന സത്യം അവർ അറിഞ്ഞിരിക്കുന്നത് നന്ന്. ■

shihabpktrsio@gmail.com